"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വിലങ്ങാട് ഉരുൾപൊട്ടലിൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടായ നാശനഷ്ടത്തിന് തുക അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2025/DMD തീയതി,തിരുവനന്തപുരം, 08-01-2025

---

പരാമർശം:-
1. സഉ(സാധാ)നം.869/2024/DMD തീയതി 27/11/2024
2. കോഴിക്കോട് ജില്ലാകളക്ടറുടെ 02/12/2024 ലെ DCKKD/ 9387/2024-F4 നമ്പർ കത്ത്

**ഉത്തരവ്**

വിലങ്ങാട് ഉരുൾപൊട്ടലിൽ ശ്രീ. സോണി എബ്രഹാം എന്ന കർഷകന്റെ 40 പന്നികളും, 20 പന്നിക്കുട്ടികളും ഉൾപ്പെടെ 60 പന്നികൾ നഷ്ടപ്പെട്ടിരുന്നു എന്നും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം ഒരു പന്നിയ്ക്ക് 4000/- രൂപയ്ക്ക് പുറമെ ഒരു കുടുംബത്തിന് 30 പന്നികൾക്ക് വരെയുണ്ടാകുന്ന നഷ്ടത്തിന് 1,20,000 രൂപ അനുവദിക്കാവുന്നതാണെന്നും ആയതിനാൽ 1,20,000/- രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) കൂടി അനുവദിച്ച് നൽകണമെന്ന് കോഴിക്കോട് ജില്ലാകളക്ടർ പരാമർശം(2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിലങ്ങാട് ഉരുൾപൊട്ടലിൽ ശ്രീ. സോണി എബ്രഹാം എന്ന കർഷകന്റെ 40 പന്നികളും, 20 പന്നിക്കുട്ടികളും ഉൾപ്പെടെ 60 പന്നികൾ നഷ്ടപ്പെട്ടതിന് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിന് 1,20,000/- രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) 2245-02-105-99-F-veterinary care എന്ന ശീർഷകത്തിൽ നിന്ന് കോഴിക്കോട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാകളക്ടർ, കോഴിക്കോട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 08-01-2025 15:24:57
സെക്ഷൻ ഓഫീസർ